**QP – 139**

25

**III Semester B.A./B.Sc./B.C.A./B.Sc.(FAD) Examination, April/May 2021**
**(CBCS) (R) (2015-16 and Onwards)**
**MALAYALAM LANGUAGE (Part – I) (Paper – III)**

Time : 3 Hours | Max. Marks : 70

I. ഏതെങ്കിലും **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (സന്ദർഭം, ആശയം വ്യക്തമാക്കുക). **(4×3=12)**

1) ഒടുവിലാ നടചാരി വേവുന്ന വയറുമായ്
എവിടെയോ പൂജാരി പോയീ

2) നൃപചിഹ്നമാർന്ന കൊടിയാടുന്ന തേരിൽ നീ
നിറ തിങ്കൾ പോൽ വിളങ്ങുന്നു!

3) വയ്യാതെ, വീഴാതെ
വിറപൂണ്ടു നിൽക്കുന്നു സിംഹം

4) തീരെ മെലിഞ്ഞ കരം നീട്ടിട്ട വ–
നാർത്തു വിളിപ്പൂ, തളരും തൊണ്ടയിൽ

5) നൂറു കൈത്താരുകളുയർന്നു മണികൊട്ടി, ഭഗ –
വാനെ വിളികൂട്ടി നില്ലുന്നു!

II. a) ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (**ഒന്നര**പുറത്തിൽ കവിയാതെ). **(2×6=12)**

1) പ്രഭാതോല്ലാസത്തിന്റെ നിറഞ്ഞൊഴുകുന്ന തെളിഞ്ഞ പ്രവാഹം കവിയത്രി എവിടെയാണ് കണ്ടത് ?

2) അക്രൂരനോടൊപ്പം മഥുരയ്ക്കു പോകുന്ന കൃഷ്ണന്റെ അവസ്ഥ.

3) 'മുറിവേറ്റ സിംഹം' എന്ന കവിതയ്ക്കു ആസ്വാദനം തയ്യാറാക്കുക.

b) ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (**ഒന്നര**പുറത്തിൽ കവിയാതെ). **(2×6=12)**

1) മറിയച്ചേടത്തിയുടെ സ്വഭാവം.

2) കൊച്ചു നാരായണനെ ലക്ഷ്മിക്കുട്ടി ഭയക്കാൻ ഉണ്ടായ കാരണം.

3) രാച്ചിയമ്മയുടെ ജീവിത പശ്ചാത്തലം വിവരിക്കുക.

St Claret College LIBRARY Bangalore-560013

P.T.O.

III. ഏതെങ്കിലും **ഒരു** ചോദ്യത്തിന് ഉത്തരമെഴുതുക (**രണ്ടര** പുറത്തിൽ കവിയാതെ). **(1×14=14)**

1) കൃഷ്ണാ നീയെന്നെയറിയില്ല എന്നു പറയാനുണ്ടായ കാരണങ്ങൾ എന്തെല്ലാം ?

2) പ്രകൃതിയിലെ ജീവജാലങ്ങൾക്കു നേരേയുള്ള മനുഷ്യന്റെ ക്രൂരതയാണ് 'മുറിവേറ്റ സിംഹം'. വ്യക്തമാക്കുക.

IV. ഏതെങ്കിലും **ഒരു** ചോദ്യത്തിന് ഉത്തരമെഴുതുക (**രണ്ടര** പുറത്തിൽ കവിയാതെ). **(1×14=14)**

1) പാപത്തറയിലെ ലക്ഷ്മിക്കുട്ടി അനുഭവിക്കുന്ന യാതനകൾ ചെറുകഥയെ ആസ്പദമാക്കി വിവരിക്കുക.

2) 'ഒരു മനുഷ്യൻ' എന്ന ചെറുകഥ അനുഭവകഥയോട് ചേർന്നു നില്ക്കുന്നു വ്യക്തമാക്കുക.

V. ആശയം **മൂന്നിലൊന്നായി** സംഗ്രഹിക്കുക. 3

പാർലമെന്ററി ജനാധിപത്യമാണ് നമ്മൾ സ്വീകരിച്ചതെങ്കിലും ഒരിക്കലും ബ്രിട്ടീഷ് വ്യവസ്ഥയുടെ ഒരു കാർബൺ കോപ്പിയല്ല ഇന്ത്യൻ ഭരണഘടന. ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിർദ്ദേശകതത്ത്വങ്ങൾ ഐറിഷ് സ്റ്റേറ്റിന്റെ ഭരണഘടനയിൽ നിന്നും കടം കൊണ്ടിട്ടുള്ളതാണ്. അതുപോലെ തന്നെ സുപ്രീം കോടതിയുടെയും മൗലി കാവകാശങ്ങളുടെയും കാര്യത്തിൽ അമേരിക്കൻ ഭരണഘടനയാണ് നമ്മൾ മാതൃകയാക്കി യത്. അതേസമയം അവരുടെ പ്രസിഡൻഷ്യൻ ഭരണരീതി നമ്മൾ തള്ളികളയുകയും ചെയ്തു. നമ്മുടെ ഫെഡറൽ വ്യവസ്ഥയാകട്ടെ കനേഡിയൻ ഭരണഘടനയുടെ മറ്റൊരു പതി പ്പാണ്. ഇപ്രകാരം നിരവധി ഭരണഘടനകളിൽ നിന്നും നമ്മൾ കടം കൊണ്ടിട്ടുണ്ടെങ്കിലും അവയൊക്കെ ഇന്ത്യൻ ജനതയുടെ ആശയാഭിലാഷങ്ങളുടെ പൂർത്തികരണത്തിനുതകും വിധത്തിൽ ഇന്ത്യൻ സാഹചര്യങ്ങളോടു വിളക്കിച്ചേർക്കുവാൻ നമ്മുടെ ഭരണഘടനാ ശില്പികൾക്ക് സാധിച്ചിട്ടുണ്ട്.

VI. നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു കവിയും അദ്ദേഹത്തിന്റെ കൃതിയും പരിചയപ്പെടുത്തുക. 3